# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1446** | **30/01/2018 ൽ മറുപടിയ്ക്ക്**

## ചെമ്മനാട് വില്ലേജാഫീസിൽ ജീവനൊടുക്കിയ കർഷകൻ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ഭൂനികുതി സ്വീകരിക്കാത്തിനെ തുടർന്ന് ചെമ്മനാട് വില്ലേജാഫീസിൽ ജീവനൊടുക്കിയ കർഷകൻ തോമസ് ജോയിയുടെ കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത് ; | (എ) കോഴിക്കോട്, ചെമ്പനോട വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ.ജെ.തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്ന് 13,16,856/- രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്ന് വിദ്യാഭ്യാസ വായ്പ 3,31,346/- രൂപയും) ആകെ 16,48,202/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവായിരുന്നു. ടിയാന്റെ വായ്പാബാധ്യത സംബന്ധിച്ച തീരുമാനങ്ങൾക്കായി 25.07.2017 ന് ജില്ലാ കളക്ടർ മുമ്പാകെ നടന്ന ടി ബാങ്ക് മാനേജർമാരുടെ യോഗത്തിൽ കിഴിവുകൾ കഴിച്ച് ചക്കിട്ടപ്പാറ സഹകരണ ബാങ്കിന് 11,30,000/- രൂപയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 3,31,346/- രൂപയും നൽകിയാൽ മതിയെന്ന് മാനേജർമാർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ വായ്പാ ബാധ്യത തീർക്കുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം ടി ബാങ്കുകൾക്ക് ആകെ 14,61,346/- രൂപ കൊയിലാണ്ടി തഹസിൽദാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ആത്മഹത്യക്ക് കാരണമായ ഭൂമിയുടെ പോക്കുവരവ് ചെയ്ത് നികുതി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുമോ ; | (ബി) ഭൂമി പോക്കുവരവ് ചെയ്ത് നികുതി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ആത്മഹത്യ ചെയ്ത കർഷകന്റെ മകൾക്ക് സർക്കാർ ജോലി നൽകണമെന്ന അപേക്ഷ അനുഭാവപൂർവ്വം പരിഹരിക്കുമോ? | (സി) അപേക്ഷ സർക്കാർ പരിശോധിച്ചിട്ടുള്ളതും 09.10.2017 ലെ നം. റവ-റ്റി1/352/ 2017/റവ. നമ്പർ ഫയലിൽ നിരസിച്ചിട്ടുള്ളതുമാണ്. |

Sunitha A.S.

സെക്ഷൻ ഓഫീസർ